<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495</u> <u>12-02-2025 - ൽ മറുപടിയ്ക്ക്</u>

<u>ഒരങ്കോക്കുന്ന്, മണ്ടോപ്പാറ നഗറുകളിലെ താമസക്കാർക്ക് പട്ടയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ ഒരങ്കോക്കുന്ന്, മണ്ടോപ്പാറ നഗറുകളിലെ സാധാരണക്കാരായ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുള്ളത് എപ്പോഴാണെന്ന് അറിയിക്കാമോ; പ്രസ്തുത അപേക്ഷ തീർപ്പാക്കി പട്ടയം അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കാന്തലാട് വില്ലേജിൽ ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ എന്നീ സ്ഥലങ്ങളിലായി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനത്തിനായി 02.10.2021 – ലെ LR-J5-55527/17 നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രപ്പോസൽ 06.10.2021 –ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയം L2/15/2018 നം. ഫയലിൽ പരിശോധിച്ചു വരുന്നു. ഒരങ്കോകുന്ന് നഗർ, തലയാട് നഗർ, മണ്ടോപ്പാറ നഗർ എന്നിവിടങ്ങളിൽ യഥാക്രമം 14, 21, 19 കൈവശക്കാരാണുള്ളത്. ഇവയിൽ ഒരങ്കോകുന്ന് നഗറിൽ ഉൾപ്പെടുന്ന 14 കേസുകളിൽ ജന്മി ഉള്ളതായി രേഖപ്പെടുത്തലുകൾ ഉള്ളതിനാൽ അവയ്ക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയമാണ് അനുവദിക്കുവാൻ സാധിക്കുന്നത്. മേൽ സാഹചര്യത്തിൽ ടിയാൾക്കാർക്ക് LT പട്ടയം നൽകുന്നതിന് നടപടി അടിയന്തിരമായി സ്വീകരിക്കുന്നതിനും ശേഷിക്കുന്ന തലയാട് നഗറിലെയും മണ്ടോപ്പാറ നഗറിലെയും ഭൂമി സംബന്ധിച്ച് ജിയോളജിസ്റ്റിന്റേയും ജില്ലാ കളക്ടറുടെയും ശിപാർശ ഉൾപ്പെടെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണർ/ജില്ലാ കളക്ടർ എന്നിവർക്ക് 14/11/2024 ലെ L2/15/2018 നം സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പാറപുറമ്പോക്ക്, LT പട്ടയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങളും കൂടാതെ കൈവശക്കാരിൽ സർക്കാർ ജീവനം, പെൻഷണർ, പരിധിയിൽ കവിഞ്ഞ വരുമാനം, കുടുംബാംഗങ്ങൾക്ക് മറ്റ് ഭൂമി ഉള്ളത്, എന്നിങ്ങനെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളിൽ തീരുമാനം കൈകൊള്ളേണ്ടി |

| | | | |
|---|---|---|---|
| | | | വരുന്നത് കാരണമാണ് പട്ടയ വിഷയത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. |
| (ബി) | മണ്ടോപ്പാറ, ഒരങ്കോകുന്ന് നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ കാന്തലാട് വില്ലേജിൽ ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ എന്നീ സ്ഥലങ്ങളിലായി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനത്തിനായി 02.10.2021 – ലെ LR-J5-55527/17 നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രപ്പോസൽ 06.10.2021 – ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയം L2/15/2018 നം. ഫയലിൽ പരിശോധിച്ചു വരുന്നു. ഒരങ്കോകുന്ന് നഗർ, തലയാട് നഗർ, മണ്ടോപ്പാറ നഗർ എന്നിവിടങ്ങളിൽ യഥാക്രമം 14, 21, 19 കൈവശക്കാരാണുള്ളത്. ഇവയിൽ ഒരങ്കോകുന്ന് നഗറിൽ ഉൾപ്പെടുന്ന 14 കേസുകളിൽ ജന്മി ഉള്ളതായി രേഖപ്പെടുത്തലുകൾ ഉള്ളതിനാൽ അവയ്ക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയമാണ് അനുവദിക്കുവാൻ സാധിക്കുന്നത്. മേൽ സാഹചര്യത്തിൽ ടിയാൾക്കാർക്ക് LT പട്ടയം നൽകുന്നതിന് നടപടി അടിയന്തിരമായി സ്വീകരിക്കുന്നതിനും ശേഷിക്കുന്ന തലയാട് നഗറിലെയും മണ്ടോപ്പാറ നഗറിലെയും ഭൂമി സംബന്ധിച്ച് ജിയോളജിസ്റ്റിന്റേയും ജില്ലാ കളക്ടറുടെയും ശിപാർശ ഉൾപ്പെടെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണർ/ജില്ലാ കളക്ടർ എന്നിവർക്ക് 14/11/2024 ലെ L2/15/2018 നം സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പാറപ്പുറമ്പോക്ക്, LT പട്ടയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങളും കൂടാതെ കൈവശക്കാരിൽ സർക്കാർ ജീവനം, പെൻഷണർ, പരിധിയിൽ കവിഞ്ഞ വരുമാനം, കുടുംബാംഗങ്ങൾക്ക് മറ്റ് ഭൂമി ഉള്ളത്, എന്നിങ്ങനെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളിൽ തീരുമാനം കൈക്കൊള്ളേണ്ടി വരുന്നത് കാരണമാണ് പട്ടയ വിഷയത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ